1998-99 ലേതിനേക്കാൾ 484.89 കോടി രൂപ കൂടുതലാണ്. എന്നാൽ ഈ ഇനത്തിലുള്ള യഥാർത്ഥ വരവ് ഈ സാമ്പത്തികവർഷം കഴിഞ്ഞതിനുശേഷമേ അറിയുവാൻ കഴിയുകയുള്ളൂ.

(ഐ)	1999-2000 (രൂപ കോടിയിൽ)	മുൻ വർഷത്തേക്കാൾ എത്ര % കൂടുതൽ
1. നികുതി വരുമാനം	5472. 24	17. 69
2. നികുതിയിതര വരുമാനം	659. 95	18. 35

സംസ്ഥാനത്തുണ്ടായ സാമ്പത്തിക വളർച്ചാ നിരക്ക്

6 (2719) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-ാം പദ്ധതിക്കാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായ സാമ്പത്തിക വളർച്ചാനിരക്ക് എത്രയായിരുന്നു ;

(ബി) അഖിലേന്ത്യാ ശരാശരി സാമ്പത്തിക വളർച്ച എത്ര എന്ന് വ്യക്തമാക്കുമോ ;

(സി) 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) 1999-2000 വർഷം സാമ്പത്തിക വളർച്ച എത്രയാണ് പ്രതീക്ഷിക്കുന്നത് എന്നും അഖിലേന്ത്യാ ശരാശരി വളർച്ചാ നിരക്ക് എത്രയാണ് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമാക്കുമോ ;

(ഇ) ആളോഹരി പദ്ധതി ചെലവ് 8-ാം പദ്ധതിക്കാലത്ത് എത്ര ആയിരുന്നുവെന്നും അഖിലേന്ത്യാ ശരാശരി എത്രയായിരുന്നുവെന്നും കേരളം ആളോഹരി പദ്ധതി വിഹിതത്തിൽ എത്രാമത്തെ സംസ്ഥാനമാണെന്നും വ്യക്തമാക്കാമോ ;

(എഫ്) 9-ാം പദ്ധതിക്കാലത്ത് ആളോഹരി പദ്ധതി ചെലവ് കേരളത്തിൽ എത്ര എന്നും അഖിലേന്ത്യാ ശരാശരി എത്ര എന്നും ഈ രംഗത്ത് കേരളം എത്രാമത്തെ സംസ്ഥാനമാണെന്നും വ്യക്തമാക്കുമോ ;

(ജി) 9-ാം പദ്ധതിക്കാലത്ത് സാമ്പത്തിക വളർച്ചാനിരക്ക് അഖിലേന്ത്യാ ശരാശരി എത്ര എന്നും, കേരളത്തിന്റെ വളർച്ചാനിരക്ക് എത്ര എന്നും കേരളം സാമ്പത്തിക വളർച്ചാ രംഗത്ത് എത്രാമത്തെ സംസ്ഥാനമാണെന്നും വ്യക്തമാക്കുമോ ;

(എച്ച്) 1999-2000 വർഷം പദ്ധതി ചെലവിന്റെ ലക്ഷ്യം എത്രയാണെന്നും ഇതുവരെ എത്ര ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(ഐ) പദ്ധതി ചെലവ് ഈ സാമ്പത്തിക വർഷം എത്ര ആകും എന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എട്ടാം പദ്ധതികാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായ സാമ്പത്തിക വളർച്ചാനിരക്ക് 1980-81 വില നിലവാരമനുസരിച്ച് 6.4 ശതമാനമായിരുന്നു.

(ബി) എട്ടാം പദ്ധതിക്കാലത്ത് അഖിലേന്ത്യാ ശരാശരി സാമ്പത്തിക വളർച്ച 6.8 ശതമാനമായിരുന്നു.

(സി) സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ ദേശീയ തലത്തിലും സംസ്ഥാനങ്ങളുടേയും വരുമാനം കണക്കാക്കാനുള്ള അടിസ്ഥാന വർഷം 1980-81-ൽ നിന്നും 1993-94 ആയി നിശ്ചയിച്ചതനുസരിച്ച്, സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് തയ്യാറാക്കിയ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച 1995-96-ൽ 4.99 ശതമാനവും 1996-97-ൽ 4.84 ശതമാനവും 1997-98-ൽ 4.95 ശതമാനവും 1998-99-ൽ 5.6 ശതമാനവുമാണ്.

(ഡി) 1999-2000 വർഷം സംസ്ഥാനത്ത് 5.6 ശതമാനം വളർച്ചാ നിരക്കാണ് പ്രതീക്ഷിക്കുന്നത്. അഖിലേന്ത്യാതലത്തിൽ 5.9 ശതമാനം വളർച്ചയുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ഇ) എട്ടാം പദ്ധതികാലത്ത് കേരളത്തിന്റെ ആളോഹരി പദ്ധതി വിഹിതം 1876 രൂപയായിരുന്നു. അഖിലേന്ത്യാ ശരാശരി 2060 രൂപയായിരുന്നുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആളോഹരി പദ്ധതി വിഹിതത്തിന്റെ കാര്യത്തിൽ രാജ്യത്തെ 15 പ്രധാന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളത്തിന്റെ സ്ഥാനം ഒൻപതാമതാണ്.

(എഫ്) ഒൻപതാം പദ്ധതിക്കാലത്തെ ആളോഹരി പദ്ധതി ചെലവ് 2001-2002-ൽ പദ്ധതി പൂർത്തിയായതിനുശേഷം മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ജി) ഒൻപതാം പദ്ധതിക്കാലത്ത് സാമ്പത്തിക വളർച്ചാനിരക്ക് അഖിലേന്ത്യാതലത്തിൽ 1980-81 വിലനിലവാരത്തിൽ 6.5 ശതമാനമാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റേത് 7 ശതമാനവും, സംസ്ഥാനത്തെ വളർച്ചാ നിരക്ക് ഒൻപതാം പദ്ധതിയുടെ ആദ്യവർഷം (1997-98), 1980-81 അടിസ്ഥാനവർഷമായി കണക്കാക്കുമ്പോൾ 6.5 ശതമാനമായിരിക്കും. 1993-94 അടിസ്ഥാന വർഷമായി കണക്കാക്കിയാൽ, കേരളത്തിലെ വളർച്ചാനിരക്ക് 1997-98-ൽ 4.95 ശതമാനവും, 1998-99-ൽ 5.6 ശതമാനവുമായിരുന്നു. അഖിലേന്ത്യാ തലത്തിൽ ഇത് യഥാക്രമം 5.1 ശതമാനവും 6.8 ശതമാനവുമായിരുന്നു. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 'ഹാൻഡ് ബുക്ക് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ഓൺ ഇൻഡ്യൻ ഇക്കണോമി 1999' എന്ന പ്രസിദ്ധീകരണത്തിലെ കണക്കുകൾ പ്രകാരം കേരളം 1991-92 മുതൽ 1997-98 വരെയുള്ള കാലയളവിൽ 45.1 ശതമാനം സാമ്പത്തിക വളർച്ച നേടിയിട്ടുണ്ട്. ഇത് തമിഴ്നാട്, കർണ്ണാടക തുടങ്ങിയ പ്രമുഖ സംസ്ഥാനങ്ങൾ ഈ കാലയളവിൽ കൈവരിച്ച വളർച്ചാനിരക്കിനേക്കാൾ കൂടുതലാണ്. ഇതനുസരിച്ച് വളർച്ചാനിരക്കിന്റെ കാര്യത്തിൽ രാജ്യത്തെ പ്രധാനപ്പെട്ട 15 സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളത്തിന്റെ സ്ഥാനം 5-ാമതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 1999-2000 വർഷത്തെ പദ്ധതി അടങ്കൽ 3250 കോടി രൂപയാണ്. ഇത് 3267 കോടി രൂപയായി പുതുക്കിയിട്ടുണ്ട്. ഇതിൽ 2000 ഫെബ്രുവരി 29 വരെയുള്ള ചെലവ് 2112.76 കോടി രൂപയാണ്.

(ഐ) കേന്ദ്ര നികുതി വിഹിതത്തിൽ 531.71 കോടി രൂപ കുറവു വരുമെന്ന് കേന്ദ്രം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് 3143.65 കോടിയുടെ പദ്ധതി ചെലവാണ് പുതുക്കിയ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ചെലവുചുരുക്കൽ നടപടികളിൽ മാറ്റം

7 (2720) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏർപ്പെടുത്തിയ ചെലവുചുരുക്കൽ നടപടികളിൽ എത്ര എണ്ണത്തിൽ ഈ സർക്കാർ മാറ്റം വരുത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) അവ ഏതെല്ലാമെന്നും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്നും വ്യക്തമാക്കുമോ ;

(സി) ഡെപ്യൂട്ടേഷൻ അലവൻസ് മുൻ ഗവൺമെന്റ് നിർത്തലാക്കിയിട്ടുണ്ടോ? ആ ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നു മുതലാണ് ഈ ഉത്തരവ് പിൻവലിച്ചതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) മാറ്റം വരുത്തിയിട്ടില്ല.

(ബി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) ഉണ്ട്. ഇപ്പോൾ നിലവിലുണ്ട്.

(ഡി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

സാമ്പത്തിക അംഗീകാരം നൽകാത്ത വർക്കുകൾ

8 (2721) പ്രൊഫസർ എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഈ വർഷം ആദ്യം നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത ഏതെങ്കിലും വർക്കുകൾക്ക് സാമ്പത്തിക അംഗീകാരം കൊടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly